compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഒക്ടോബർ 14
Tuesday, 14th October 2025

1201 കന്നി 28
28th Kanni 1201

1947 ആശ്വിനം 22
22nd Aswina 1947

വാല്യം 14
Vol. XIV

നമ്പർ / No. **41**

Part III

Agriculture Development and Farmers Welfare

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

`നം. എ.167/2025 **തീയതി:13/10/2025**

ലേലം/ടെൻഡർ നോട്ടീസ്

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ തഴക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ കൃഷിത്തോട്ടത്തിലെ A, C ബ്ലോക്കുകളിലെ ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ള 54 മരങ്ങൾ വിൽക്കുന്നതിനായി 21.10.25 ചൊവ്വാഴ്ച രാവിലെ 12 മണിയ്ക്ക് ഫാം ഓഫീസിൽ വച്ച് പരസ്യമായി ലേലം/ ടെൻഡർ നടത്തപ്പെടുന്നു.

എ ബ്ലോക്ക്

ക്രമ നം.	മരങ്ങളുടെ വിവരം		ക്രമ നം.	മരങ്ങളുടെ വിവരം	
	നമ്പർ	പേര്		നമ്പർ	പേര്
1	1	പ്ലാവ്	2	2	പ്ലാവ്

സി-ബ്ലോക്ക്

ക്രമ നം.	മരങ്ങളുടെ വിവരം		ക്രമ നം.	മരങ്ങളുടെ വിവരം	
	നമ്പർ	പേര്		നമ്പർ	പേര്
1	1	വാക	27	18B	ആഞ്ഞിലി
2	1A	വാക	28	18C	ആഞ്ഞിലി
3	2	വാക	29	18D	വട്ട
4	3	ബദാം	30	19	അക്കേഷ്യ
5	3A	ബദാം	31	20	ആഞ്ഞിലി
6	4	ആഞ്ഞിലി	32	20A	വട്ട
7	5	ആഞ്ഞിലി	33	21	ആഞ്ഞിലി
8	5A	ആഞ്ഞിലി	34	21A	ആഞ്ഞിലി
9	6	ആഞ്ഞിലി	35	22	ആഞ്ഞിലി
10	7	ആഞ്ഞിലി	36	23	ആഞ്ഞിലി
11	8	പാല	37	24	ആഞ്ഞിലി
12	8A	പാല	38	25	ആഞ്ഞിലി
13	9	ആഞ്ഞിലി	39	25A	ആഞ്ഞിലി
14	10	ആഞ്ഞിലി	40	26	ആഞ്ഞിലി
15	10A	ആഞ്ഞിലി	41	27	പ്ലാവ്
16	11	വട്ട	42	28	മഹാഗണി
17	12	ആഞ്ഞിലി	43	29	വാക
18	13	വട്ട	44	30	വാക
19	14	ആഞ്ഞിലി	45	31	വാക
20	14A	ആഞ്ഞിലി	46	32	ആഞ്ഞിലി
21	15	ആഞ്ഞിലി	47	33	വാക
22	16	വട്ട	48	34	മഹാഗണി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

23	17	വയണ	49	35	ആഞ്ഞിലി
24	17A	ആഞ്ഞിലി	50	36	ആഞ്ഞിലി
25	18	ആഞ്ഞിലി	51	37	ആഞ്ഞിലി
26	18A	ആഞ്ഞിലി	52	38	ആഞ്ഞിലി

നിബന്ധനകൾ

1. മുകളിൽ കാണിച്ചിരിക്കുന്ന മരങ്ങൾ ഒരുമിച്ചായിരിക്കും ലേലം വിളിക്കുന്നത്. മരങ്ങൾ മുൻകൂട്ടി കാണുന്നതിന് അനുമതി ലഭിക്കുന്നതാണ്.

2. മരങ്ങളിൽ A ബ്ലോക്കിലെ ക്രമ നമ്പർ ഒന്നിലെ മരം ഒഴിച്ചുള്ള ബാക്കി 53 മരങ്ങൾ മുറിച്ച് മാറ്റി കൊണ്ട് പോകേണ്ടതാണ്. A ബ്ലോക്കിലെ ക്രമ നമ്പർ ഒന്നിലെ മരം മറിഞ്ഞു വീണു കിടക്കുന്നതാണ്.

3. ലേലം വിളിക്കുന്നതിനും മുദ്രവച്ച കവറിൽ രഹസ്യ ടെൻഡർ സമർപ്പിക്കുന്നതിനുമുള്ള അവസരം ലഭിക്കുന്നതാണ്. ടെൻഡർ സമർപ്പിക്കുമ്പോൾ ടെൻഡർ ഫോമിന്റെ വിലയായി 900 രൂപയും 18% GST ഉൾപ്പെടെ ആകെ 1062 രൂപ ഒടുക്കേണ്ടതാണ്. ടെൻഡർ ഫോമിന്റെ വില തിരികെ ലഭിക്കുന്നതല്ല.

4. ലേലം/ടെൻഡറിൽ പകെടുക്കുന്നവർ 20750 രൂപയുടെ നിരത ദ്രവ്യം ക്രോസ്സ്ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, മാവേലിക്കര എന്ന വിലാസത്തിൽ എസ്.ബി.ഐ കൊച്ചാലുമ്മൂട് ശാഖയിൽ നിന്നും മാറത്തക്കവണ്ണം സമർപ്പിക്കേണ്ടതാണ്.

5. ലേലം/ടെൻഡർ വിജയി മരങ്ങൾ ലേല വിജയി സ്വന്തം ചിലവിൽ മുറിച്ച് മാറ്റേണ്ടതാണ്. മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ ഫാമിലെ മറ്റ് മരങ്ങൾക്കോ കാർഷിക വിളകൾക്കോ കേടുപാടുകളോ നാശനഷ്ടങ്ങളോ സംഭവിക്കാൻ പാടില്ല. അങ്ങനെ സംഭവിച്ചാൽ ന്യായമായ നഷ്ടപരിഹാരം ഇടക്കുന്നതാണ്.

6. ലേലം/ടെൻഡർ വിലയോടൊപ്പം നിയമപരമായ വനനികുതി, GST, ആദായ നികുതി എന്നിവ കൂടി ഒടുക്കാൻ ലേല വിജയി ബാധ്യസ്ഥനാണ്.

7. മുറിച്ച് മാറ്റാനായി ഈ ഓഫീസിൽ നിന്നും അനുമതി ലഭിച്ച് 5 ദിവസങ്ങൾക്കകം ലേലം/ടെൻഡർ വിജയി മുകളിൽ സൂചിപ്പിച്ച നികുതികൾ ഉൾപ്പെടെയുള്ള വില ഈ ഓഫീസിൽ ഒടുക്കുകയും മരങ്ങൾ മുറുക്കുന്നത് സംബന്ധിച്ച് ഫാം സൂപ്രണ്ടുമായി കരാറിൽ ഏർപ്പെടുകയും ചെയ്യേണ്ടതാണ്. ഇതിനായി 200 രൂപയുടെ മുദ്ര പത്രം ലേല വിജയി ഹാജരാക്കേണ്ടതാണ്.

8. ഏതെങ്കിലും കാരണത്താൽ ലേലം/ടെൻഡർ നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയത്ത് ലേലം നടക്കുന്നതാണ്.

9. ലേലം/ടെൻഡർ തുക സ്വീകാര്യമല്ലെങ്കിലോ മറ്റെന്തെങ്കിലും കാരണത്താലോ ലേലം/ടെൻഡർ നിരാകരിക്കുന്നതിനും നിബന്ധനകളിൽ യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള സ്വാതന്ത്ര്യം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

10. ലേലം/ടെൻഡർ സംബന്ധിച്ചുള്ള സർക്കാർ നിയമങ്ങൾ ഈ ലേലത്തിനും ബാധകമാണ്.

11. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (ഫോൺ. 0479-2357690,9383470691, E-mail:noorekkar@gmail.com)

S/d-
ഫാം സൂപ്രണ്ട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

ഫയൽ നം. A-158/2025 **തീയതി: 13/10/2025**

2025-26 സാമ്പത്തിക വർഷത്തിൽ മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലെ ആവശ്യങ്ങൾക്കായി ചുവടെ ചേർക്കുന്ന സാധനങ്ങൾ വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള വിതരണക്കാരിൽ നിന്നും ഫാം സൂപ്രണ്ട് മത്സരസ്വഭാവമുള്ള ടെൻഡർ ക്ഷണിക്കുന്നു.

ടെൻഡർ നമ്പറും തീയതിയും	ഇനം	അളവ്/ യൂണിറ്റ്	ദർഘാസ് ഫോറം വിതരണം ചെയ്യുന്ന തീയതിയും സമയവും	ദർഘാസ് സ്വീകരിക്കുന്ന തീയതിയും സമയവും	ദർഘാസ് തുറക്കുന്ന സമയവും തീയതിയും
A-158(7)/25 10/10/2025	ചേന വിത്ത്	3000 കിലോഗ്രാം	15.10.2025 രാവിലെ 11 മണി മുതൽ 21.10.2025 രാവിലെ 11.30 വരെ	21.10.2025 രാവിലെ 12	21.10.2025 രാവിലെ 12.30
	കാച്ചിൽ വിത്ത്	200 കിലോഗ്രാം			
	ചേമ്പ് വിത്ത്	800 കിലോഗ്രാം			
	ഇഞ്ചി വിത്ത്	1000 കിലോഗ്രാം			
	മഞ്ഞൾ വിത്ത്	1000 കിലോഗ്രാം			

നിബന്ധനകൾ

1. അങ്കുരണ ശേഷി ഉള്ള വിത്തുകൾ ആയിരിക്കണം വിതരണം ചെയ്യേണ്ടത്. വിതരണം ചെയ്യുന്ന വിത്തിന്റെ അങ്കുരണ ശേഷി പരിശോധിച്ച് തൃപ്തികരം ആണെങ്കിൽ മാത്രമേ വിത്തിന്റെ വില ലഭിക്കുകയുള്ളൂ.

2. ഓരോ ഇനത്തിന്റെയും യൂണിറ്റ്/കിലോ ഒന്നിനുള്ള വിലയായിരിക്കണം രേഖപ്പെടുത്തേണ്ടത്.

3. അടങ്കൽ തുക, ടെൻഡർ ഫോമിന്റെ വില, നിരത്ത ദ്രവ്യം എന്നിവ ചുവടെ ചേർക്കുന്നു. ടെണ്ടർ ഫോമിന്റെ വില തിരികെ ലഭിക്കുന്നതല്ല

അടങ്കൽ തുക (രൂപ)	ടെൻഡർ ഫോമിന്റെ വില (രൂപ)	നിരതദ്രവ്യം (രൂപ)
4,99,000	1000+18% GST	5,000

4. നിരതദ്രവ്യം ക്രോസ്സ്ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, മാവേലിക്കര എന്ന വിലാസത്തിൽ എസ്.ബി.ഐ കൊച്ചാലുമ്മൂട് ശാഖയിൽ നിന്നും മാറത്തക്കവിധം സമർപ്പിക്കേണ്ടതാണ്.

5. ടെണ്ടർ സമർപ്പിക്കുന്ന കവറിന് പുറത്ത് മുകളിലായി ടെൻഡർ നമ്പർ ഇനത്തിന്റെ പേര്, ടെണ്ടർകാരന്റെ പേര് മേൽവിലാസം എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

6. ടെണ്ടറിൽ വിജയിക്കുന്നവർ പ്രവൃത്തി സംബന്ധമായ കരാറിൽ ഏർപ്പെടുന്നതിനായി 200/- രൂപ വിലയുള്ള കേരളസർക്കാർ മുദ്രപ്പത്രം സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണത്താൽ അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവൃത്തിദിവസം നിശ്ചിത സമയത്ത് ടെണ്ടർ തുറക്കുന്നതാണ്

8. ടെണ്ടർ അംഗീകരിച്ച ശേഷം ഈ ഓഫീസിൽ നിന്നും നിർദ്ദേശിക്കുന്ന സ്ഥലത്ത് നിർദ്ദേശിക്കുന്ന സമയയത്ത് സാധനങ്ങൾ വിതരണം ചെയ്യേണ്ടതാണ്

9. വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരൻ പ്രവർത്തിക്കുന്ന പക്ഷം ടെണ്ടർ നടപടികൾ റദ്ദാക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്. മാത്രമല്ല, ആയത് മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്ത്വം കരാറുകാരന് മാത്രമായിരിക്കും. ടി നഷ്ടം റവന്യൂ റിക്കവറി അടക്കമുള്ള നിയമാനുസൃത മാർഗ്ഗത്തിലൂടെ ഈടാക്കുന്നതാണ്.

10. ടെണ്ടർ അംഗീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ തീരുമാനത്തിന് അനുസൃതമായിരിക്കും.

11. ടെണ്ടർ സംബന്ധമായ കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാക്കാവുന്നതാണ്. (ഫോൺ. 0479-2357690,9383470691, E-mail:noorekkar@gmail.com)

(ഒപ്പ്)

ഫാം സൂപ്രണ്ട്
ജില്ലാ കൃഷിത്തോട്ടം
മാവേലിക്കര

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.14 03:08:12 +05:30